വസ്തുതാ പത്രം

# വംശീയ വിവേചന നിയമപ്രകാരമുള്ള പരാതികൾ

## വംശീയ വിവേചന നിയമം എന്നാൽ എന്താണ്?

നിങ്ങളുടെ വംശമോ, നിറമോ, വംശാവലിയോ, ദേശീയമോ വംശീയമോ ആയ ഉത്ഭവമോ, കുടിയേറ്റ നിലയോ മൂലം നിങ്ങളോട് അന്യായമായി പെരുമാറുന്നത് *Racial Discrimination Act* 1975 (വംശീയ വിവേചന നിയമം 1975) (Cth) (RDA) നിയമപ്രകാരം കുറ്റകരമാണ്.

വംശീയ വിദ്വേഷവും ഇത് നിയമവിരുദ്ധമാക്കുന്നു.

## ഈ നിയമം എപ്പോഴാണ് ഉപയോഗിക്കാൻ കഴിയുക?

പൊതുജീവിതത്തിന്റെ പല മേഖലകളിലും ന്യായമായ പരിഗണന ലഭിക്കുന്നതിന് നിങ്ങൾക്ക് RDA ഉപയോഗിക്കാം:

- **തൊഴിൽ** – ഒരു ജോലി ലഭിക്കുന്നത്, ഒരു ജോലിയുടെ വ്യവസ്ഥകളും നിബന്ധനകളും, പരിശീലനം, സ്ഥാനക്കയറ്റം, പിരിച്ചുവിടൽ.
- **വിദ്യാഭ്യാസം** – ഒരു സ്വകാര്യ അല്ലെങ്കിൽ സർക്കാർ സ്കൂൾ, കോളേജ് അല്ലെങ്കിൽ സർവ്വകലാശാലയിൽ ചേരുകയോ പഠിക്കുകയോ.
- **താമസം** – ഒരു വീടോ യൂണിറ്റോ വാടകയ്ക്ക് എടുക്കുകയോ വാങ്ങുകയോ ചെയ്യുക.
- **സേവനങ്ങൾ നേടുക അല്ലെങ്കിൽ ഉപയോഗിക്കുക** – ബാങ്കിംഗ് അല്ലെങ്കിൽ ഇൻഷുറൻസ്, സർക്കാർ വകുപ്പുകൾ നൽകുന്ന സേവനങ്ങൾ, ഗതാഗതം അല്ലെങ്കിൽ ടെലികമ്മ്യൂണിക്കേഷൻ സേവനങ്ങൾ, അഭിഭാഷകർ, ഡോക്ടർമാർ അല്ലെങ്കിൽ ട്രേഡ് നൈപുണ്യമുള്ളവർ നൽകുന്ന പ്രൊഫഷണൽ സേവനങ്ങൾ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ അല്ലെങ്കിൽ വിനോദ വേദികൾ എന്നിവ നൽകുന്ന പോലുള്ള സേവനങ്ങൾ.
- **പൊതു സ്ഥലങ്ങളിൽ പോകൽ** – പാർക്കുകൾ, സർക്കാർ ഓഫീസുകൾ, റെസ്റ്റോറന്റുകൾ, ഹോട്ടലുകൾ അല്ലെങ്കിൽ ഷോപ്പിംഗ് സെന്ററുകൾ എന്നിവ പോലുള്ളവ.

## എന്താണ് വംശീയ വിവേചനം?

വംശമോ, നിറമോ, വംശാവലിയോ, ദേശീയമോ വംശീയമോ ആയ ഉത്ഭവമോ, കുടിയേറ്റ നിലയോ കാരണം സമാനമായ സാഹചര്യത്തിലുള്ള മറ്റൊരു വ്യക്തിയെക്കാൾ താഴ്ന്ന നിലയിൽ ഒരു വ്യക്തിയെ പരിഗണിക്കുമ്പോൾ വംശീയ വിവേചനം സംഭവിക്കുന്നു. ഉദാഹരണത്തിന്, ഒരു പ്രത്യേക വംശീയ പശ്ചാത്തലത്തിന്റെയോ ചർമ്മത്തിന്റെ നിറത്തിന്റെയോ അടിസ്ഥാനത്തിൽ ഒരു വ്യക്തിക്ക് ഒരു വീട് വാടകയ്ക്ക് നൽകാൻ ഒരു റിയൽ എസ്റ്റേറ്റ് ഏജൻറ് വിസമ്മതിച്ചാൽ അത് 'നേരിട്ടുള്ള വിവേചനം' ആയിരിക്കും.

എല്ലാവർക്കും ഒരുപോലെയുള്ള ഒരു നിയമമോ നയമോ ഉണ്ടെങ്കിലും ഒരു പ്രത്യേക വംശമോ, നിറമോ, വംശാവലിയോ, ദേശീയമോ വംശീയമോ ആയ ഉത്ഭവമോ, കുടിയേറ്റ നിലയോ കാരണം ചില ആളുകളെ അത് അന്യായമായി ബാധിക്കുമ്പോഴും വംശീയ വിവേചനം

സംഭവിക്കുന്നു. ഇതിനെ 'പരോക്ഷ വിവേചനം' എന്ന് വിളിക്കുന്നു. ഉദാഹരണത്തിന്, ജീവനക്കാർ ജോലിസ്ഥലത്ത് തൊപ്പികളോ മറ്റ് ശിരോവസ്ത്രങ്ങളോ ധരിക്കരുതെന്ന് ഒരു കമ്പനി പറഞ്ഞാൽ അത് പരോക്ഷ വിവേചനമായിരിക്കാം, കാരണം ഇത് ചില വംശീയ/വംശീയ പശ്ചാത്തലത്തിലുള്ള ആളുകളെ അന്യായമായി ബാധിക്കാൻ ഇടയുണ്ട്.

## എന്താണ് വംശീയ വിദ്വേഷം?

ഒരു വ്യക്തിയുടെയോ ഒരു കൂട്ടം ആളുകളുടെയോ വംശമോ, നിറമോ, ദേശീയമോ വംശീയമോ ആയ ഉത്ഭവമോ അടിസ്ഥാനമാക്കി പൊതുവായി **അപകീർത്തിപ്പെടുത്തുകയോ അപമാനിക്കുകയോ അവഹേളിക്കുകയോ ഭയപ്പെടുത്തുകയോ** ചെയ്യാൻ സാധ്യതയുള്ളത് എന്തും നിയമ വിരുദ്ധമാണ്.

വംശീയ വിദ്വേഷത്തിന്റെ ഉദാഹരണങ്ങളിൽ ഇവ ഉൾപ്പെടാം:

- ഇ-ഫോറങ്ങൾ, ബ്ലോഗുകൾ, സോഷ്യൽ നെറ്റ്‌വർക്കിംഗ് സൈറ്റുകൾ, വീഡിയോ പങ്കിടൽ സൈറ്റുകൾ എന്നിവ ഉൾപ്പെടെ ഇൻറർനെറ്റിലെ വംശീയമായി അപകീർത്തികരമായ വസ്തുക്കൾ

- പത്രങ്ങൾ, മാസികകളിലെ ലഘുലേഖകൾ അല്ലെങ്കിൽ ഫ്ലയറുകൾ പോലെ പ്രസിദ്ധീകരണങ്ങളിലെ വംശീയമായി അപകീർത്തികരമായ അഭിപ്രായങ്ങളോ ചിത്രങ്ങളോ

- പൊതു റാലിയിലെ വംശീയമായി അപകീർത്തികരമായ പ്രസംഗങ്ങൾ

- ഒരു കച്ചവട സ്ഥാപനം, ജോലിസ്ഥലം, പാർക്ക്, പൊതുഗതാഗതമോ സ്കൂളോ പോലുള്ള പൊതു സ്ഥലം എന്നിവിടങ്ങളിൽ വച്ചുള്ള ആധിക്ഷേപകരമായ പരാമർശങ്ങൾ

- കായിക മത്സരങ്ങൾ നടക്കുന്ന ഇടങ്ങളിൽ കളിക്കാർ, കാണികൾ, പരിശീലകർ അല്ലെങ്കിൽ ഉദ്യോഗസ്ഥർ എന്നിവരിൽ നിന്നുള്ള ആധിക്ഷേപകരമായ പരാമർശങ്ങൾ.

## വംശത്തെ അടിസ്ഥാനമാക്കിയുള്ള ആധിക്ഷേപകരമായ പെരുമാറ്റം എപ്പോഴാണ് നിയമ വിരുദ്ധമല്ലാത്തത്?

സ്വതന്ത്രമായി ആശയവിനിമയം നടത്താനുള്ള അവകാശവും ('സംസാര സ്വാതന്ത്ര്യം') വംശീയ വിദ്വേഷത്തിൽ നിന്ന് മുക്തമായി ജീവിക്കാനുള്ള അവകാശവും സന്തുലിതമായി നിർത്താനാണ് RDA ലക്ഷ്യമിടുന്നത്. ഇനിപ്പറയുന്നവ "**ന്യായമായും സദുദ്ദേശത്തോടെയും**" ചെയ്താൽ അത് നിയമ വിരുദ്ധമല്ലെന്ന് RDA പറയുന്നു:

- **ഒരു കലാപരമായ സൃഷ്ടി അല്ലെങ്കിൽ പ്രകടനം** – ഉദാഹരണത്തിന്, ഒരു കഥാപാത്രം വംശീയമായി ആധിക്ഷേപകരമായ മനോഭാവം പ്രകടിപ്പിക്കുന്ന ഒരു നാടകം.

- **യഥാർത്ഥ അക്കാദമിക് അല്ലെങ്കിൽ ശാസ്ത്രീയ ആവശ്യങ്ങൾക്കായി നടത്തിയ ഒരു പ്രസ്താവന, പ്രസിദ്ധീകരണം, ചർച്ച അല്ലെങ്കിൽ സംവാദം** – ഉദാഹരണത്തിന്, ഇമിഗ്രേഷൻ, മൾട്ടി കൾച്ചറലിസം അല്ലെങ്കിൽ പ്രത്യേക ഗ്രൂപ്പുകൾക്കുള്ള പ്രത്യേക നടപടികൾ പോലുള്ള പൊതുനയം ചർച്ച ചെയ്യുകയും വാദപ്രതിവാദം ചെയ്യുകയും ചെയ്യുന്നു.

- **പൊതുതാൽപര്യത്തെക്കുറിച്ച് ന്യായവും കൃത്യവുമായ റിപ്പോർട്ട് തയ്യാറാക്കുന്നു** – ഉദാഹരണത്തിന്, വംശീയമായി അധിക്ഷേപകരമായ പെരുമാറ്റത്തെക്കുറിച്ച് ഒരു പത്രത്തിലെ ന്യായമായ റിപ്പോർട്ട്.

- **ന്യായമായ അഭിപ്രായം പറയൽ**, അത് ഒരു വ്യക്തിയുടെ യഥാർത്ഥ വിശ്വാസത്തിന്റെ പ്രകടിപ്പിക്കലാണെങ്കിൽ.

## വിവേചനമോ വംശീയ വിദ്വേഷമോ നേരിടുകയാണെങ്കിൽ എനിക്ക് എന്തുചെയ്യാൻ കഴിയും?

ബന്ധപ്പെട്ട വ്യക്തിയുമായോ ആളുകളുമായോ ഇത് നേരിട്ട് ഉന്നയിക്കാൻ നിങ്ങൾ ആഗ്രഹിച്ചേക്കാം.

ഇത് പ്രശ്നം പരിഹരിക്കുന്നില്ലെങ്കിലോ അല്ലെങ്കിൽ ഇത് ചെയ്യുന്നത് നിങ്ങൾക്ക് സുഖകരമായി തോന്നുന്നില്ലെങ്കിലോ, നിങ്ങൾക്ക് Australian Human Rights Commission-ൽ പരാതിപ്പെടാം. ഒരു സോളിസിറ്റർ, അഭിഭാഷകൻ അല്ലെങ്കിൽ ട്രേഡ് യൂണിയൻ എന്നിവർക്ക് നിങ്ങൾക്ക് നേരിട്ട് പരാതി നൽകാൻ കഴിയുന്നതാണ്.

കമ്മീഷനിൽ പരാതിപ്പെടാൻ ഒന്നും ചെലവാക്കേണ്ടതില്ല.

നിങ്ങളുടെ പരാതി രേഖാമൂലം ആയിരിക്കണം. നിങ്ങൾക്ക് പൂരിപ്പിക്കാനും പോസ്റ്റ് ചെയ്യാനും ഫാക്സ് ചെയ്യാനും അല്ലെങ്കിൽ ഞങ്ങളുടെ വെബ്സൈറ്റിൽ ഓൺലൈനിൽ പരാതി നൽകാനും കമ്മീഷന് ഒരു പരാതി ഫോം ഉണ്ട്. നിങ്ങളുടെ പരാതി രേഖാമൂലം നൽകാൻ നിങ്ങൾക്ക് കഴിയുന്നില്ലെങ്കിൽ, ഞങ്ങൾക്ക് നിങ്ങളെ സഹായിക്കാനാകും.

നിങ്ങളുടെ പരാതിയ്ക്ക് സാധുത ലഭിക്കുന്നതിന്, നിങ്ങൾ പരാതിപ്പെടാൻ ആഗ്രഹിക്കുന്ന സംഭവങ്ങൾ നിയമവിരുദ്ധമായ വിവേചനമാണെന്നും, എന്താണ് സംഭവിച്ചതെന്നും, എപ്പോൾ ആണെന്നും, അത് എവിടെവച്ചാണ് സംഭവിച്ചതെന്നും, ആരാണ് ഉൾപ്പെട്ടത് എന്നും ഉൾപ്പെടെയുള്ള നിങ്ങളുടെ ആരോപണങ്ങളെ സാധൂകരിക്കുന്ന മതിയായ വിശദാംശങ്ങൾ ഉൾപ്പെടണം.

ഏത് ഭാഷയിലും പരാതി നൽകാവുന്നതാണ്. നിങ്ങൾക്ക് ഒരു വിവർത്തകനെയോ ദ്വിഭാഷിയെയോ ആവശ്യമുണ്ടെങ്കിൽ, ഞങ്ങൾക്ക് ഇത് ക്രമീകരിക്കാൻ കഴിയും.

## എവിടെ നിന്നാണ് എനിക്ക് കൂടുതൽ വിവരങ്ങൾ ലഭിക്കുക?

Australian Human Rights Commission-നെ ബന്ധപ്പെടുന്നതിനുള്ള വിവരങ്ങൾ ഇവിടെ ലഭ്യമാണ്:

**ടെലിഫോൺ**
National Information Service (നാഷണൽ ഇൻഫർമേഷൻ സർവീസ്): 1300 656 419 അല്ലെങ്കിൽ (02) 9284 9888
TTY (ടിടിവൈ): 1800 620 241 (ടോൾ രഹിതം)
ഫാക്സ്: (02) 9284 9611

**പോസ്റ്റ്**
GPO Box 5218
Sydney NSW 2001

**ഓൺലൈൻ**
ഇമെയിൽ infoservice@humanrights.gov.au
വെബ്സൈറ്റ്: www.humanrights.gov.au

നിങ്ങൾക്ക് www.humanrights.gov.au/complaints_information/online_form/index.html എന്നതിൽ ഒരു ഓൺലൈൻ പരാതി നൽകാൻ കഴിയുന്നതാണ്.

നിങ്ങൾ ബധിരരോ ശ്രവണ വൈകല്യമുള്ളവരോ ആണെങ്കിൽ 1800 620 241 എന്ന നമ്പറിൽ TTY-യിലൂടെ ഞങ്ങളെ ബന്ധപ്പെടാവുന്നതാണ്. നിങ്ങൾക്ക് ഒരു ഓസ്‌ലാൻ വിവർത്തകനെ ആവശ്യമുണ്ടെങ്കിൽ, ഞങ്ങൾക്ക് ഇത് ക്രമീകരിക്കാൻ കഴിയുന്നതാണ്.

നിങ്ങൾ അന്ധനോ കാഴ്ചാ വൈകല്യമോ ഉള്ള ആളാണെങ്കിൽ, അഭ്യർത്ഥന അനുസരിച്ച് ഞങ്ങൾക്ക് ഇതര ഫോർമാറ്റുകളിൽ വിവരങ്ങൾ നൽകാൻ കഴിയും.

ഏപ്രിൽ 2020

## വംശീയ വിദ്വേഷ പരാതികൾ നൽകുന്നതിനുള്ള മറ്റ് മാർഗങ്ങൾ

അധിക്ഷേപകരമായ മീഡിയ സ്റ്റോറികളെയോ, ബ്രോഡ്കാസ്റ്റുകളെയോ, ഓൺലൈൻ ഉള്ളടക്കങ്ങളെയോ കുറിച്ച് നിങ്ങൾക്ക് ആശങ്കയുണ്ടെങ്കിൽ, നിങ്ങൾക്ക് Australian Communications and Media Authority-യിൽ (ഓസ്ട്രേലിയൻ കമ്മ്യൂണിക്കേഷൻസ് ആൻഡ് മീഡിയ അതോറിറ്റി) (ACMA) പരാതിപ്പെടാം; പരസ്യങ്ങൾക്കായി Advertising Standards Board-നോ (അഡ്വർട്ടൈസിംഗ് സ്റ്റാൻഡേർഡ്സ് ബോർഡ്); അല്ലെങ്കിൽ പത്ര വാർത്തകൾക്കായി Australian Press Council-നോ (ഓസ്ട്രേലിയൻ പ്രസ് കൗൺസിൽ) പരാതി നൽകാം. നിങ്ങൾക്ക് മീഡിയ സ്ഥാപനത്തിന്റെ എഡിറ്റർക്കോ അല്ലെങ്കിൽ മാനേജർക്കോ പരാതി നൽകാവുന്നതാണ്.

അയൽവാസികളുടെ അധിക്ഷേപകരമായ പെരുമാറ്റത്തെക്കുറിച്ച് നിങ്ങൾക്ക് ആശങ്കയുണ്ടെങ്കിൽ, പ്രശ്നം പരിഹരിക്കാൻ സഹായിക്കുന്നതിന് നിങ്ങൾക്ക് ഒരു Community Justice Centre-നെ (കമ്മ്യൂണിറ്റി ജസ്റ്റിസ് സെന്റർ) സമീപിക്കാം, അല്ലെങ്കിൽ നിങ്ങൾ പബ്ലിക്ക് ഹൗസിംഗിലാണ് താമസിക്കുന്നതെങ്കിൽ Department of Housing-നെ (ഡിപ്പാർട്ട്മെന്റ് ഓഫ് ഹൗസിംഗ്) സമീപിക്കാം.

**നിങ്ങൾക്ക് അക്രമ ഭീഷണി നേരിടുകയോ മാരകമായി ആക്രമിക്കപ്പെടുകയോ ചെയ്താൽ പോലീസിൽ പോകുക.**

## പൊതുവായ നിയമോപദേശം

നിങ്ങൾ ഒരു പരാതി നൽകുന്നതിനെക്കുറിച്ച് ചിന്തിക്കുകയാണെങ്കിൽ, നിങ്ങൾ നിയമോപദേശം തേടുകയോ നിങ്ങളുടെ ട്രേഡ് യൂണിയനെ ബന്ധപ്പെടുകയോ ചെയ്യുക. വിവേചനത്തെ കുറിച്ചും പീഡനത്തെ കുറിച്ചും സൗജന്യ ഉപദേശം നൽകാൻ Community legal services-ന് (കമ്മ്യൂണിറ്റി ലീഗൽ സർവീസസ്) കഴിയും. നിങ്ങളുടെ ഏറ്റവും അടുത്തുള്ള കമ്മ്യൂണിറ്റി ലീഗൽ സെന്ററിനെ ബന്ധപ്പെടുന്നതിനുള്ള വിവരങ്ങൾ www.naclc.org.au/directory എന്നതിൽ കാണാൻ കഴിയും.

**നിരാകരണം: ഈ വസ്തുതാ പത്രത്തിലെ വിവരങ്ങൾ ഒരു ഗൈഡായി മാത്രം ഉപയോഗിക്കാൻ ഉദ്ദേശിച്ചുള്ളതാണ്. ഇത് നിയമോപദേശത്തിന് പകരമാവില്ല.**